

സസ്യങ്ങളിലും രോഗികൾ

# സസ്യങ്ങളിലും രോഗികൾ


## സസ്യരോഗങ്ങൾക്കു കാരണമായ സൂക്ഷ്മജീവികൾ

- ബാക്ടീരിയ
- ഫംഗസ്
- വൈറസ്









# ബാക്ടീരിയൽ രോഗങ്ങൾ

നെല്ലിന്റെ ബ്ലൈറ്റ് രോഗം

- ഇലയുടെ വശങ്ങളിൽ നിറവ്യത്യാസമുള്ള പാടുകൾ, ഇലയുടെ അഗ്രഭാഗം ഉണങ്ങുന്നു
- രോഗകാരി - സാന്തോമോണാസ് ഒറൈസേ (*Xanthomonas oryzae*)
- രോഗപ്പകർച്ച - വിത്തുവഴി



ആരോഗ്യമുള്ള നെൽച്ചെടികൾ



രോഗബാധിതമായ നെൽച്ചെടികൾ

# ബാക്ടീരിയൽ രോഗങ്ങൾ

വഴുതനയുടെ വാട്ടരോഗം

- ഇലകൾ പെട്ടെന്ന് വാടി കൊഴിയുന്നു, ഉദ്പാദനം ഗണ്യമായി കുറയുന്നു
- രോഗകാരി - സ്യൂഡോമോണാസ് സൊളാനേസ്യാരം (*Pseudomonas solancearum*)
- രോഗപ്പകർച്ച - വിത്തുവഴി



ആരോഗ്യമുള്ള വഴുതനച്ചെടികൾ



രോഗബാധിതമായ വഴുതനച്ചെടികൾ

# വൈറസ് രോഗങ്ങൾ

വാഴയുടെ കുറുനാമ്പുരോഗം

- വളർച്ച മുരടിച്ച് ഉദ്പാദനക്ഷമത നഷ്ടമാകുന്നു
- രോഗകാരി - ബനാന ബഞ്ചി ടോപ് വൈറസ് (*Banana bunchy top virus* )
- രോഗവാഹകർ - എഫിഡുകൾ (Aphids)



ആരോഗ്യമുള്ള വാഴകൾ



രോഗബാധിതമായ വാഴ

# വൈറസ് രോഗങ്ങൾ

പയർ ചെടിയുടെ മൊസൈക്ക് രോഗം

- ഇലകളുടെ നിറം നഷ്ടമാകുകയും അഗ്രങ്ങൾ ചുരുളുകയും ചെയ്യുന്നു, ഉദ്പാദനം ഗണ്യമായി കുറയുന്നു
- രോഗകാരി - മൊസൈക്ക് വൈറസ് (mosaic virus )
- രോഗവാഹകർ - എഫിഡുകൾ (Aphids)



ആരോഗ്യമുള്ള പയർ ചെടികൾ



രോഗബാധിതമായ പയർ ചെടികൾ

# വൈറസ് രോഗങ്ങൾ

മരച്ചീനിയുടെ മൊസൈക്ക് രോഗം

- ഇലകളുടെ നിറം നഷ്ടമാകുകയും അഗ്രങ്ങൾ ചുരുളുകയും ചെയ്യുന്നു, വളർച്ച മുരടിക്കുന്നു, ഉദ്പാദനം ഗണ്യമായി കുറയുന്നു
- രോഗകാരി - കസാവ മൊസൈക്ക് വൈറസ് (cassava mosaic virus )
- രോഗവാഹകർ - എഫിഡുകൾ (Aphids)



ആരോഗ്യമുള്ള മരച്ചീനി



രോഗബാധിതമായ ഇലകൾ

# ഫംഗസ് രോഗങ്ങൾ

തെങ്ങിന്റെ കൂമ്പുചീയൽ

- കൂമ്പ് ചീഞ്ഞു നശിക്കുന്നു, രോഗത്തിന്റെ അന്തിമഘട്ടത്തിൽ മരം അപ്പാടെ ഉണങ്ങുന്നു
- രോഗകാരി - ഫൈറ്റോഫ്ത്തോറ പാമിവോറ (*Phytophthora palmivora* )
- രോഗസംക്രമണം - കാറ്റുവഴി



ആരോഗ്യമുള്ള തെങ്ങ്



രോഗബാധിതമായ തെങ്ങ്

# ഫംഗസ് രോഗങ്ങൾ

കവുങ്ങിന്റെ മഹാളി

- അടയ്ക്ക വൻതോതിൽ കൊഴിയുന്നു, ക്രമേണ ഇലകളും കൂമ്പും ഉണങ്ങി നശിക്കുന്നു
- രോഗകാരി - ഫൈറ്റോഫ്ത്തോറ അരാസിയെ (*Phytophthora araceae* )
- രോഗസംക്രമണം - കാറ്റുവഴി



ആരോഗ്യമുള്ള കവുങ്ങ്



രോഗബാധിതമായ കവുങ്ങ്

# ഫംഗസ് രോഗങ്ങൾ

കുരുമുളകിന്റെ ദ്രുതവാട്ടം

- ഫംഗസ് കുരുമുളക് വള്ളിയുടെ എല്ലാ ഭാഗത്തേയ്ക്കും സംക്രമിക്കുന്നു, പലപ്പോഴും ഏതാനും ദിവസങ്ങൾക്കുള്ളിൽ ഇലകളെല്ലാം കൊഴിഞ്ഞ് ചെടി നശിക്കുന്നു
- രോഗകാരി - ഫൈറ്റോഫ്ത്തോറ കാപ്സിസി (*Phytophthora capsici*)
- രോഗസംക്രമണം - കാറ്റുവഴി, ജലത്തിലൂടെ



ആരോഗ്യമുള്ള കുരുമുളക് ചെടികൾ




രോഗബാധിതമായ ചെടി